

ബാലരാകുന്ന ഞങ്ങളെ യേശുതമ്പുരാൻ കയ്യിലേല്ക്കണം
ബാലരാകുന്ന ഞങ്ങൾക്കും കൃപ തന്നു മോക്ഷത്തിലാക്കണം

സ്വർഗരാജ്യത്തൽ വന്നു ഞങ്ങളും ഭാഗ്യശാലികളാകുവാൻ
തക്ക പാതയിലാക്കണം യേശുതമ്പുരാൻ കൃപയൊന്നിനാൽ

പണ്ടു താൻ ഭൂവിൽ വന്ന കാലത്തു ബാലരെയണച്ചെന്നപോൽ
ഇന്നും ബാലരെ ചേർക്കുവാൻ കരം നീട്ടണേ കൃപ നല്കണേ

ബാലന്മാർ പലർ ലോകം വിട്ടും നിൻ മാർവിൽ ചേരുന്നു നിത്യമായി
ബാലന്മാരെയുമോർക്കണേ നിന്റെ ആശ്വാസസ്ഥലവാസത്തിൽ

എന്തു ഞങ്ങളാൽ ചെയ്‌വതിന്നിങ്ങു സാധ്യമാമതിന്നപ്പനെ
ശക്തിയും നല്ല ബുദ്ധിയും നല്കി രക്ഷകാ വഴി കാട്ടണേ

പെന്നുനായകൻ വാനമേഘത്തിൽ വന്നു മക്കളെ ചേർക്കുമ-
ന്നാശയോടു നിന്മക്കളായി ഞങ്ങളങ്ങു ചേരുമാറാകണം



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me